പ്ലസ്ടുവിന് അനുവദിച്ചതിൽ ഒഴിവുള്ള സീറ്റുകൾ

101 [2416] ശ്രീ. കെ. മോഹൻകുമാർ:
,, ഇ. എം. അഗസ്തി:
,, കെ. സുധാകരൻ:
,, എം. കെ. പോാംസൺ മാസ്റ്റർ:
,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്ടുവിനനുവദിച്ച സീറ്റുകൾ ഈ വർഷം ഒഴിവായി കിടപ്പുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സീറ്റുകൾ എന്ന് പറയുമോ;

(സി) സ്വാശ്രയ പ്ലസ്ടുകോഴ്സുകളിൽ സീറ്റൊഴിവുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—സി) പ്ലസ്വൺ അഡ്മിഷനുള്ള നടപടിക്രമം പൂർത്തിയായിട്ടില്ല. സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലും പത്ത് ശതമാനം സീറ്റ് വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം ഇൻറർവ്യൂ നടത്തേണ്ടത് ജൂലായ് 28-ന് ആണ്. അതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച വിശദവിവരം ലഭ്യമാവുകയുള്ളു.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

102 [2418] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോക്കല്ലൂർ ഹയർ സെക്കണ്ടറി സ്കൂളിൽ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളും കോഴ്സുകളും ആരംഭിക്കാൻ നയപരമായി തീരുമാനമെടുക്കുമ്പോൾ പരിഗണിക്കുന്നതിന് മാറ്റിവച്ചിട്ടുണ്ട്.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പരിശീലന ഗവേഷണകേന്ദ്രം ആരംഭിക്കുവാൻ നടപടി

103 [2420] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പരിശീലന ഗവേഷണ കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇതു സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. രണ്ടാംവർഷ ഹയർ സെക്കണ്ടറി പരിപാടിയുടെ ഭാഗമായി ഹയർ സെക്കണ്ടറി വകുപ്പിൽ ഒരു മാനവവിഭവശേഷി വികസനകേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസമേഖലയിലെ ഗുണനിലവാര പ്രശ്നങ്ങൾ എന്ന എം. ജി. പി. സംരംഭത്തിന്റെ (Initiative) പൂർത്തീകരണത്തിനായി ഡിപ്പാർട്ടുമെന്റ് ആസൂത്രണം ചെയ്തിട്ടുള്ള നാല് പദ്ധതിഘടകങ്ങളിൽ നവീകരണപരിപാടികളിലൊന്നാണ് ഇത്തരം ഒരു പരിശീലന കേന്ദ്രം ആരംഭിക്കുകയെന്നത്. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് അത്യാധുനികമായ അദ്ധ്യാപന രീതികളിലും മറ്റും നിരന്തര പരിശീലനം നൽകുകയും, സ്ഥാപനതല വികസനത്തിന് കേന്ദ്രീകൃതമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുമാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ഇതുകൂടാതെ കരിയർ ഗൈഡൻസ്, കൗൺസലിംഗ്, എൻ. എസ്. എസ്. തുടങ്ങിയ രാഷ്ട്ര നിർമ്മാണ പ്രവർത്തനങ്ങൾ, നിരന്തര മൂല്യനിർണ്ണയത്തിന്റെ ഭാഗമായിക്കഴിഞ്ഞ അക്കാദമികേതര പ്രവർത്തനങ്ങൾ എന്നിവയും ഈ കേന്ദ്രത്തിന്റെ പ്രവർത്തനമേഖലയിൽ പെടുന്നു.

(സി) ഈ കേന്ദ്രത്തിന്റെ സാദ്ധ്യതാപഠനം നടത്തുവാനായി ഹൈദരാബാദിലുള്ള സമാജ് വികാസ് എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് അന്തിമഘട്ടത്തിലാണ്.

മൈക്രോസോഫ്റ്റിന്റെ കമ്പ്യൂട്ടർ അക്കാഡമി

104 [2423] ശ്രീ. കെ. സി. ജോസഫ്:
,, ടി. എൻ. പ്രതാപൻ:
,, എം. എം. ഹസ്സൻ:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോസോഫ്റ്റ് വാഗ്ദാനം ചെയ്ത കമ്പ്യൂട്ടർ അക്കാഡമി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

(ബി) ഈ അക്കാഡമി സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും സൗജന്യമായി നൽകേണ്ടതുണ്ടോ;

(സി) എങ്കിൽ ഇതിനായി സ്ഥലവും കെട്ടിടവും നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) 30-10-2004-ൽ.



LIBRARY ARCHIVES Kerala Legislative Assembly